പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 273

21-12-12 ൽ
മറുപടിക്ക്

# അഡ്വർടൈസിംഗ് ചട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. മോയിൻകുട്ടി<br>ശ്രീ. കെ. എൻ.എ. ഖാദർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ; കെ.എം. ഷാജി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) 1995 ലെ കേബിൾ ടി.വി. നെറ്റ് വർക്ക് ആക്ടിലെ അഡ്വർടൈസിംഗ് ചട്ടങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാന തലത്തിൽ നിയമിച്ച മോണിറ്ററിംഗ് സമിതി നിലവിൽ വന്നശേഷം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദവിവരം നല്കാമോ; | എ) അഡ്വർടൈസിംഗ് ചട്ടങ്ങളുമായി ബന്ധപ്പെട്ട കാര്യത്തിൽ ജില്ലാതല സമിതികൾ ശ്രദ്ധയിൽപ്പെടുത്തുന്ന വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുക എന്നുള്ളതാണ് സംസ്ഥാനതല സമിതിക്ക് കേബിൾ ടി.വി. റഗുലേഷൻ നിയമം നിർദ്ദേശിക്കുന്ന ചുമതല. ഇക്കാര്യത്തിൽ ജില്ലാസമിതികളിൽ നിന്ന് പരാതികളൊന്നും ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അഡ്വർടൈസിംഗ് ചട്ടവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സംസ്ഥാനതല സമിതിക്ക് തീരുമാനങ്ങളൊന്നും എടുക്കേണ്ടി വന്നിട്ടില്ല. |
| ബി) പ്രസ്തുത വിഷയത്തിൽ ജില്ലാതല സമിതികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ ചുമതലകൾ സംബന്ധിച്ച വിശദവിവരം നൽകുമോ; | ബി) ജില്ലാതല സമിതികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നിലവിലെ സമിതികളുടെ കാലാവധി കഴിഞ്ഞതിനാൽ സമിതികൾ പുന:സംഘടിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ നടന്നു വരികയാണ്. നിയമപ്രകാരം ജില്ലാതല സമിതിയുടെ ചുമതലകൾ താഴെപറയുന്നു.<br><br>1)ടി.വി. ചാനലുകളിൽ സംപ്രേഷണം ചെയ്യുന്ന പരിപാടികളെക്കുറിച്ച് പൊതു ജനങ്ങൾക്കുള്ള പരാതി സത്യമെന്ന് ബോധ്യപ്പെട്ടാൽ കേബിൾ ടി.വി. ആക്ടിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള അധികാരം<br>2) 1995 ലെ കേബിൾ ടി.വി നെറ്റ് വർക്ക് ആക്ട് പ്രകാരം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്താനുള്ള അധികാരം<br>3)പൊതുജനങ്ങൾക്കോ മതവിഭാഗങ്ങൾക്കോ ദോഷമുണ്ടാകുന്ന പരിപാടികൾ സംപ്രേഷണം ചെയ്യുകയാണെങ്കിൽ അത് ഉടൻതന്നെ കേന്ദ്രസംസ്ഥാന സർക്കാരുകളെ അറിയിക്കുവാനുള്ള ഉത്തരവാദിത്വം.<br>4)പ്രാദേശിക ചാനലുകൾ സംപ്രേഷണം ചെയ്യുന്ന പരിപാടികൾ സശ്രദ്ധം നിരീക്ഷിക്കുകയും അത് ജനവിഭാഗങ്ങളെ മുറിപ്പെടുത്തുന്ന രീതിയിൽ ആകുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത സമിതികളുടെ പ്രവർത്തന ഫലമായി നിയമലംഘനം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ജില്ലാതല സമിതികൾ പുനസംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ